Attendance by relatives on patients in the General Hospital.

152. മിസ്റ്റർ വി. കെ. കുട്ടി.— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ:—

(ക) എറണാകുളം ജനറൽ ആസ്പത്രിയിൽ കിടത്തി ചികിത്സിച്ചു വരുന്ന രോഗികളുടെ അടുക്കൽ അവരുടെ സ്വന്തം ആൾക്കാരേയോ ശുശ്രൂഷകന്മാരേയോ നിറുത്തുവാൻ പാടില്ലെന്നു് വല്ല കല്പനയും ഗവമ്മെണ്ടിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഖ) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തു്?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു്.—(ക) & (ഖ) ഇല്ല. പക്ഷെ, രോഗികളെ ശുശ്രൂഷിപ്പാൻ പരിശീലമുള്ള ധാരാളം നേഴ്സുമാർ അവിടെ ജോലി എടുക്കുന്ന അവസരത്തിൽ രോഗികളുടെ സ്വന്തം ആൾക്കാരെ അവിടെ നിറുത്തുവാനുള്ള ആവശ്യമില്ല. അങ്ങനെ നിറുത്തുന്നതു് ഉപദ്രവകരവുമാണു്.

മിസ്റ്റർ വി. കെ. കുട്ടി.— എന്തു ഉപദ്രവമാണു് അവിടെ ഉണ്ടാകുന്നതു്?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.— അവക്കു വേണ്ടാത്തതൊക്കെ തിന്നുവാൻ കൊടുക്കും.

മിസ്റ്റർ വി. കെ. കുട്ടി.— ധാരാളം നേഴ്സുമാരെ രോഗികളെ ശുശ്രൂഷിപ്പാൻ വച്ചിട്ടുണ്ടെന്നു മറുപടിയിൽ പറഞ്ഞിട്ടുണ്ടു്. വല്ലതും കൊടുക്കുന്നതായാൽ അതു കൊടുക്കരുതെന്നു് അവർ ഉപദേശിച്ചാൽ പോരേ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.— ഞങ്ങളുടെ ഉപദേശം ഉപകാരമായിട്ടു വരുന്നില്ല.

മിസ്റ്റർ വി. കെ. കുട്ടി.— രോഗികളെ കാണുവാൻ വരുന്നവരെ കടത്തി വിടരുതെന്നു പറഞ്ഞിട്ടുണ്ടോ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.— അതു പറഞ്ഞിട്ടില്ല.

മിസ്റ്റർ വി. കെ. കുട്ടി.— വിസിറേറഴ്സിനു ഇതിനുമുമ്പു രോഗികളെ കാണുന്നതിനു് ഒരു സമയം കൊടുത്തിരുന്നില്ലേ. അതു ഇപ്പോഴും ഉണ്ടോ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു്.— ഉണ്ടു്?

മിസ്റ്റർ വി. കെ. കുട്ടി.— അതു് എപ്പോഴൊക്കെയാണു്?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.— 8 മുതൽ 11 വരെ.

മിസ്റ്റർ വി. കെ. കുട്ടി.—ഡെയിഞ്ചറസായിട്ടുള്ള രോഗികളുടെ അടുക്കൽ രാത്രികാലങ്ങളിൽ അവരുടെ സ്വന്തം ആൾക്കാരെ നിറുത്തുവാൻ അനുവദിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.— ഡെയിഞ്ചറസായിട്ടുള്ള കേസുകൾക്ക് അനുവദിച്ചിട്ടുണ്ട്.

മിസ്റ്റർ വി. കെ. കുട്ടി.— ഡെയിഞ്ചറസായിട്ടുള്ള ഒരു കേസിൽ രോഗിയുടെ ആളുകളെ അടുക്കൽ നിറുത്താത്തതിനാൽ ഒരു സംഭവം ഉണ്ടായിട്ടുള്ളത് എനിക്കറിയാം. അതു പറയണമെന്നു മെഡിക്കൽ മെമ്പർ ആവശ്യപ്പെട്ടനാപക്ഷം ഞാൻ പറയാം. ഇവിടെ പ്രോമിസ് ചെയ്യുന്നതുപോലെ നടക്കുന്നില്ല. രാത്രികാലങ്ങളിൽ ഡെയിഞ്ചറസ് കേസുകൾക്കു രോഗികളുടെ സ്വന്തം ആളുകൾക്കു അവരുടെ അടുത്തുനില്ക്കുവാൻ കഴിയാത്തതുകൊണ്ടു ചില മരണങ്ങൾതന്നെയും അവിടെ നടന്നിട്ടുണ്ട്. ഇനി ഈ ഉപദ്രവം വരാതെ വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്.

ഡാക്ടർ ഡി. രാഘവേന്ദ്രറാവു്.— ഡെയിഞ്ചറസായിട്ടുള്ള കേസുകൾക്കു പണ്ടും ഇപ്പോഴും മേലിലും പാസുകൊടുത്തു് ആളുകളെ നില്ക്കുവാൻ അനുവദിക്കാറുണ്ടു്. അവരുടെ സ്വന്തം ആൾക്കാർ വരാഞ്ഞതുകൊണ്ടു പലരും മരിച്ചിട്ടുമില്ല.

മിസ്റ്റർ വി. കെ. കുട്ടി.— അനുവാദം കടലാസിലല്ലാതെ പ്രവൃത്തിയിൽ ഒന്നും കാണുന്നില്ല. അതുകൊണ്ടു ഡെയിഞ്ചറസു് കേസുകൾക്കു മേലിൽ ഒരു വിവരം തയ്യാറാക്കി ആസ്പത്രി അധികൃതന്മാരെ ഏല്പിച്ചാൽ കൊള്ളാം.

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.— ഇങ്ങിനെയുള്ള കേസുകൾക്കു ഏർപ്പാടു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ എ. ഈച്ചരമേനോൻ.— എല്ലാ ദിവസവും 9 മണി മുതൽ 11 മണിവരെ രോഗികളെ കാണുന്നതിനു വിരോധമുണ്ടോ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.— ഇല്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ.— മദ്രാസ് ജനറൽ ഹോസ്പിറ്റലിൽ ഒരാഴ്ചയിൽ മൂന്നു ദിവസത്തിലധികം രോഗികളെ കാണുവാൻ അനുവദിക്കുന്നുണ്ടു് എന്നു പറയാമോ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.— ഇല്ല.

മിസ്റ്റർ വി. കെ. കുട്ടി.— അഞ്ചു മണി മുതൽ ആറുമണിവരെ സമയം അനുവദിക്കാമെന്നു പറഞ്ഞു, അതു വിശ്വസിക്കട്ടെയോ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.— ഒരാഴ്ചയിൽ മൂന്നു ദിവസം കൊടുക്കുന്നുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി.— ദിവസേന കൊടുത്താലുള്ള ദോഷം എന്താണു്?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.— ഞങ്ങളുടെ അനുവാദമോ ആറിവോ കൂടാതെ പലവിധത്തിലും കഴിക്കുവാൻ പാടില്ലാത്തതായ അ

LIBRARY ARCHIVES Kerala Legislative Assembly

ആഹാരസാധനങ്ങൾ കൊണ്ടുവന്ന ദീനക്കാക്ക് കൊടുത്തു് വളരെ ഉപദ്രവമുണ്ടാക്കും.

മിസ്റ്റർ എ. ഇ്യച്ചരമേനോൻ.— പടിക്കലുള്ള ആളുകൾ നോക്കുകയില്ലേ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.— എപ്പോഴും നോക്കിഎന്നുവരുന്നതല്ല.

മിസ്റ്റർ വി. കെ. കുട്ടി.—കഴിഞ്ഞ മീനം ഫസ്-ാംനം-ലത്തെ മനോരമയിൽ ഒരു കുട്ടി ആസ്പത്രിയിൽ ദീനത്തിൽ കിടന്നുവെന്നും, മാതാപിതാക്കന്മാരില്ലാത്ത അവസരത്തിൽ അവരെ കാണുവാൻ സാധിക്കാതെ ആ കിടക്കയിൽതന്നെ കിടന്നു മരിച്ചുവെന്നും വിവരിച്ചുകണ്ടു. എന്നാൽ മാതാപിതാക്കന്മാർ കുട്ടിയെ കാണുവാൻ ആ സമയം ഗേററിൽ വന്നപ്പോൾ ഗേററുകീപ്പർ കടത്തിവിട്ടില്ലെന്നാണ് എന്റെ അന്വേഷണത്തിൽ അറിവായതു്. ഇതുപോലെ പല സംഭവങ്ങളും ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് പകൽ ര മണി മുതൽ ഒ മണിവരേയോ ഒ മണി മുതൽ ന്യ മണിവരേയോ മറേറാ ഒരു സമയം ഇതിന് അനുവദിക്കണം. ഇതുകൊണ്ടു യാതൊരു ദോഷവും വരുവാനില്ല. രോഗികളുടെ ആൾക്കാരെ നിശ്ചയിക്കുകയുംവേണം.

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.— ആലോചിക്കാം.

Mr. A. V. Moothedan.—Sir, may I know who is more anxious in the welfare of the Patients, Doctors or the relations?

മിസ്റ്റർ വി. കെ. കുട്ടി.— ബഹുമാനപ്പെട്ട ദിവാൻ പ്രസിഡണ്ടു് അവർകളോടു് എനിക്കു ഒരപേക്ഷയുള്ളതു് ഒരു ദിവസത്തിൽ ഒരു മണിക്കൂർ ഇതിനുവേണ്ടി അനുവദിക്കണമെന്നും, രോഗികളുടെ ആൾക്കാരെ രാത്രിസമയം നില്ക്കുവാൻ അനുവദിക്കണമെന്നുമാണ്. ഡിപ്പാർട്ടുമെൻറു മേധാവിയിൽനിന്നും ഇതിനു ശരിയായ ഒരു മറുപടി കിട്ടുമെന്നു തോന്നുന്നില്ല.

Daily attendance in Hospitals, Dispensaries, etc.

153. Mr. C. R. Iyyunni.—Will the Government be pleased to state the reasons for the abnormal difference in the matter of daily average attendance in hospitals, dispensaries, etc., of the State in the years 1110 and 1109?

Dr. D. Raghavendra Rao.—There is no abnormal difference and such difference that exists is due to various reasons such as seasonal and climatic variations in and around the several localities where medical institutions are located.

Mr. C. R. Iyyunni.—In the report on the working of the Hospitals and dispensaries in the State for the year 1110, the

LIBRARY ARCHIVES Kerala Legislative Assembly